# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7239 11.07.2014-ൽ മറുപടിയ്ക്ക്

## റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.സെൽവരാജ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, വർക്കല കഹാർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പരിഗണനയാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;<br>(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങളെന്തെല്ലാം ; | (എ)&(ബി):<br>റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഈ പദ്ധതിയിൽ വികസിപ്പിച്ചുവരുന്നു. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡ്, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്നീ ഏജൻസികൾ വഴിയും ഗുണമേന്മയുള്ള റോഡുനിർമ്മാണം ഏറ്റെടുക്കുന്നുണ്ട്. |
| (സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളായി കെ.എസ്.ടി.പി-രണ്ട് പദ്ധതിയിൽ വികസിപ്പിക്കുന്നതാണ്. കൂടാതെ സിറ്റി റോഡുവികസനത്തിനായി കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) കെ.എസ്.ടി.പി. വഴി 6 പാക്കേജുകളായി 195 കി.മീ. റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി മൂന്ന് പാക്കേജുകളുടെ പ്രവൃത്തികൾ അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ